യുഗപ്പിറവി,' 'ഭ്രാന്ത് നാറാണത്തിനോ' എന്നീ കവിതകൾ യഥാക്രമം 1990ലും 1994ലും FOKANA അവാർഡുനേടി. രജനിയിലും കൈരളിയിലും ഫൊക്കാനയുടെ കഴിഞ്ഞ വർഷങ്ങളിലെ സുവനീറുകളിലും കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അനായാസമായി കവിത രചിക്കുന്ന കവയിത്രിയാണ് എൽസി ശങ്കരത്തിൽ. രജനി അവാർഡും, 1994 FOKANA കവിതാ മത്സരത്തിൽ രണ്ടാം സ്ഥാനവും നേടുവാൻ എൽസിക്കു കഴിഞ്ഞു. രജനിയിൽ സ്ഥിരമായി കവിത എഴുതിവരുന്നു.

അമേരിക്കൻ ജീവിതം കവിതയ്ക്കു വിഷയമാക്കുന്ന ആളാണ് എം.എസ്.ടി. നമ്പൂതിരി. മാതൃഭൂമിയിലും മറ്റു പത്രമാസികകളിലും കവിതയും ലേഖനവും ഇദ്ദേഹം എഴുതിവരുന്നു.

## നിരൂപണം

നിരൂപണസാഹിത്യശാഖ വളർന്നുവരേണ്ടിയിരിക്കുന്നു. അമേരിക്കൻ മലയാളസാഹിത്യത്തിന്റെ ബാല്യദശയിൽ ഉയർന്നുവരുന്ന കൂമ്പുകൾ മുളയിലെ നുള്ളുന്ന നിരൂപകരെയല്ല ആവശ്യം. ഒരു സമൂഹത്തിന്റെ സാഹിത്യചരിത്രത്തിലും മികച്ച സൃഷ്ടികൾ മാത്രം ജന്മമെടുത്തിട്ടില്ല. നല്ല സൃഷ്ടികൾ തലമുറകൾ കടന്നും നിലനില്ക്കും. പക്ഷേ അവ വെളിച്ചം കാണാനും ചർച്ചകൾക്കും ആസ്വാദനത്തിനും വിധേയമാകാനും അവസരം ലഭിക്കണം. അതിനുവേണ്ടത് ക്രിയാത്മകശൈലിയിലൂടെയും, സൃഷ്ടിപരമായ വിമർശനത്തിലൂടെയും നിരൂപണം നടത്തുന്നവരെയാണ്. 'നിരൂപകൻ കൊലയാളിയല്ല പടയാളി'യാണെന്നോർക്കുക. ഫലവൃക്ഷങ്ങളെ ഞെക്കിക്കൊല്ലുന്ന രീതിയിൽ കളകൾ ഉണ്ടായാൽ കീടനാശിനി പ്രയോഗിക്കേണ്ടത് നിരൂപകന്റെ കർത്തവ്യമാണല്ലോ.

**നാടകലോകം** ഇവിടെ ശുഷ്കമാണെന്നുതന്നെ പറയാം. എടുത്തുപറയാൻ പറ്റുന്നവർ ചുരുക്കം. എസ്.കെ. പിള്ള, ജോർജ്ജുകുര്യൻ ന്യൂജേഴ്സി തുടങ്ങിയവർ നാടകരചനയിൽ ഏർപ്പെട്ടിരിക്കുന്ന ചുരുക്കം ചിലരിൽ പെടുന്നു.

**ഹാസസാഹിത്യം** സാമാന്യം പുഷ്ടിപ്പെട്ടു നില്ക്കുന്നു. നർമ്മത്തിന്റെ ഒളിയമ്പുകൾ സമൂഹഗാത്രത്തിലേക്ക് എയ്തുവീഴ്ത്തുന്ന എഴുത്തുകാരാണ് ജോൺ ഇളമത, വർഗീസ് മൈലപ്ര തുടങ്ങിയവർ. സഞ്ചാരസാഹിത്യകാരന്മാരും ഇവിടെയുണ്ട്. മുരളി നായർ, ഡോ. എൻ.പി. ജോസഫ് എന്നിവർ.

കേരളത്തിലെ ബാലസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയ